**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 410** **10-02-2025 - ൽ മറുപടിയ്ക്ക്**

**അരൂർ കാക്കത്തുരുത്ത് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിലെ കാക്കത്തുരുത്ത് പാലത്തിന്റെ നിർമ്മാണത്തിന് കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി എത്ര രൂപ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | അരൂർ നിയോജക മണ്ഡലത്തിലെ കാക്കത്തുരുത്ത് പാലം നിർമ്മാണം കിഫ്ബി ധനസഹായത്തോടു കൂടി നടപ്പാക്കുന്നതിന് 16/03/2019-ലെ PWD016-13/APR-1/2019/KIIFB നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം ഭൂമിയേറ്റെടുക്കൽ ഉൾപ്പെടെ 33.144 കോടി രൂപയുടെ ധനാനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളത്. ഇതിൽ ഭൂമി ഏറ്റെടുക്കലും അനുബന്ധ പ്രവൃത്തികൾക്കുമായി 5.34 കോടി രൂപ KRFB ക്കു കൈമാറിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുക അനുവദിച്ചത് ഏത് വർഷമാണെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത തുക അനുവദിച്ചത് 2019 ലാണ് |
| (സി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്നും പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള തടസ്സമുണ്ടോയെന്നും വിശദമാക്കാമോ? | (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി നിലവിൽ ഭൂമിയേറ്റെടുക്കൽ മാത്രം പൂർത്തീകരിക്കുന്നതിനും, കിഫ്ബിയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പാലം നിർമ്മാണം പിന്നീട് പരിഗണിക്കുന്നതാണെന്നും 24/05/2024-ന് കിഫ്ബി സി.ഇ.ഒ-യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. നിലവിൽ അവസാന ഘട്ടത്തിലുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ 2025 ഫെബ്രുവരി അവസാനത്തോട് കൂടി പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ